ഉത്തരം

(എ&ബി) ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ വർക്കിനുള്ള ടെണ്ടർ അംഗീകരിച്ചു കരാർ വച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് ഒരു ടെണ്ടർ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ ടി വർക്ക് റീടെണ്ടർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു. ശ്മശാനത്തിന്റെ ഇലക്ട്രിക്കൽ വർക്കുകൾ 60 ലക്ഷം രൂപയുടെയും കെട്ടിട നിർമ്മാണത്തിന് 40 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിരിക്കുന്നത്.

(സി) നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല.

കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക

276 (1750) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തികവർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ട്, ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചിട്ടുള്ള തുക ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ആര്യങ്കോട് പഞ്ചായത്തിലെ ഖാദി ഉൽപ്പാദക സംഘത്തിന്റെ പ്രവർത്തനം

277 (1751) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ലെ വനിതാഘടക പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ആര്യങ്കോട് പഞ്ചായത്തിൽ നിലവിൽ ഇല്ലാത്ത ഒരു ഖാദി സംഘത്തിന് 80 ലക്ഷം രൂപ നൽകിയതായുള്ള ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം വനിതാ സംഘങ്ങൾക്ക് എത്ര തുക വീതം അനുവദിക്കുകയുണ്ടായി ; പണം അനുവദിക്കപ്പെട്ട ഏതെല്ലാം സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ആര്യങ്കോട് പഞ്ചായത്തിൽ ഒരു ഖാദി ഉല്പാദക സംഘം പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആരുടെ ശുപാർശയെ തുടർന്നാണ് ജില്ലാ പഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി പണം അനുവദിച്ചത് ;

(ഡി) പ്രസ്തുത സംഘത്തിന്റെ പേരിൽ പണം തട്ടിയെടുത്തവർക്കും അതിന് ഉത്തരവാദികളായവർക്കുമെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2015-16-ലെ വനിതാ ഘടകപദ്ധതി പ്രകാരം ഖാദി സംഘത്തിന് തുക അനുവദിച്ച് നൽകിയിട്ടില്ല.

4-7-2015-ലെ 387/15-16/ഡി.പി.സി./ഡി.പി.ഒ./റ്റി.വി.പി.എം. നമ്പർ ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആര്യങ്കോട് പഞ്ചായത്തിലെ മണ്ണാംകോണം ഖാദി യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി പുതിയ കെട്ടിട നിർമ്മാണം ജില്ലാ പഞ്ചായത്ത് 555-ാം നമ്പർ പ്രോജക്ടായി 80,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഖാദി കോംപ്ലക്സ് നിർമ്മാണം എന്ന പേരിൽ 28,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പുതുതായി നിർമ്മിച്ച് നൽകുന്ന കെട്ടിടത്തിൽ നെയ്ത്ത്, നൂൽപ്പ്, നൂൽ ഡൈയിംഗ് എന്നീ ജോലികളിൽ 25 വനിതകൾക്ക് തൊഴിൽ നൽകുന്നതിന് നൂൽപ്പ് കേന്ദ്രം 6.75 ലക്ഷം രൂപ, നെയ്ത്ത് 11.25 ലക്ഷം രൂപ, നൂൽ ഡൈയിംഗ് 10,00,000 രൂപ എന്നിങ്ങനെ തുക വിനിയോഗിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഖാദി യൂണിറ്റ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കീഴാർ വില്ലേജിൽ ചെമ്പൂർ ആലുംകഴി കിഴക്കുംകര റോഡരികത്ത് പുത്തൻവീട്ടിൽ (മണ്ണാംകോണം പി.ഒ.-695 125) ശ്രീമതി രാജമ്മ ദാനാധാര പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ളതാണ്. ടി രണ്ട് പ്രോജക്ട് തുകകൾ ഒന്നും തന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല. 2014-15, 2015-16 വർഷങ്ങളിലായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുതിരവിള, പാങ്ങപ്പാറ ഖാദി യൂണിറ്റുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് സഹായം നൽകിയിട്ടുണ്ട്.

(സി&ഡി) ആര്യങ്കോട് പഞ്ചായത്തിൽ ഖാദി ഉൽപ്പാദക സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. പുതുതായി മണ്ണാംകോണം കേന്ദ്രമാക്കി ഒരു തൊഴിൽ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഡി.പി.സി.-യുമാണ് അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly